പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2309. 01.04.2013 -ൽ മറുപടിയ്ക്ക്

# ആലപ്പുഴ ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ആലപ്പുഴ ജില്ലാ ആശുപത്രി ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി എത്തുന്ന രോഗികളുടെ എണ്ണം വ്യക്തമാക്കുമോ; | എ) | ആലപ്പുഴ ജില്ലാ ആശുപത്രി ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി എത്തുന്ന രോഗികളുടെ എണ്ണം 900 മുതൽ 1000 വരെയാണ്. |
| ബി) | ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ഗൈനക്ക് വിഭാഗം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണന യിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശി ക്കുന്നത് എന്ന് അറിയിക്കാമോ; | ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക ആശുപത്രികൾ നിലവിലുള്ള ജില്ലകളിൽ ജില്ലാ ആശുപത്രിയോട് ചേർന്ന് ഗൈനക്കോളജി വിഭാഗം സാധാരണ അനുവദിക്കാറില്ല. ആലപ്പുഴ ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ആശുപത്രി നിലവിലുള്ളതിനാൽ ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ഗൈനക്ക് വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| സി) | ആലപ്പുഴ ജില്ലാ ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ഡോക്ടർ മാരില്ല എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി കൾ അറിയിക്കാമോ? | സി) | ആലപ്പുഴ ജില്ലാ ആശുപത്രി സർജറി വിഭാഗത്തിൽ നിലവിൽ കൺസൾട്ടന്റിന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവ് പ്രൊമോഷൻ വഴി നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ